**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 28** **22-07-2021 - ൽ മറുപടിയ്ക്ക്**

**കെയർ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ എം മുകേഷ്** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന കെയർ ഹോം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമ്മാണത്തിനായി സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന കെയർ ഹോം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2,091 വീട്ടുകൾ നിർമ്മിച്ചു നൽകുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. 2021 ജൂലൈ 14 വരെ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2067 വീട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള 24 വീട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്നു. കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയും താമസ സ്ഥലവും ഇല്ലാത്തവർക്ക് സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരികയാണ്. 2021 ജൂലൈ 31 – നകം നിർമ്മാണം പൂർത്തീകരിച്ച് താക്കോൽ കൈമാറുന്നതിനാണ് ലക്ഷ്യമിട്ടുന്നത്. മറ്റു ജില്ലകളിൽ രണ്ടാം ഘട്ട പദ്ധതി നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം വീടൊന്നിന് എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | കെയർഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം നടത്തുന്നതിന് വീടൊന്നിന് 5 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഈ തുകയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള സഹായവും, (ഉയർന്ന പ്രദേശങ്ങളിൽ-1,01,900/- രൂപയും, നിരപ്പായ പ്രദേശങ്ങളിൽ 95,100/- രൂപയും) ഉൾപ്പെടുന്നു. |

| | | | |
|---|---|---|---|
| | | | ഭൂപ്രകൃതി, മണ്ണിന്റെ ഘടന എന്നിവയുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിദഗ്ദർ ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച് ആലപ്പുഴ ജില്ലയിൽ നിർമ്മിക്കുന്ന 82 വീടുകൾക്ക് അടിത്തറ ബലപ്പെടുത്തുന്നതിനായി 63,55,972/- രൂപയും തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന 16 വീടുകൾക്ക് 7,00,800/- രൂപയും ചേർത്ത് ആകെ 70,56,772/- രൂപ അധിക ധനസഹായമായി അതാത് ജില്ലകൾക്ക് നൽകിയിട്ടുണ്ട്. കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 14 ജില്ലകളിലെ ജില്ലാ കളക്ടർമാർ തെരഞ്ഞെടുത്തു നൽകുന്ന സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. 14 ജില്ലകളിലും പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് 14 സാങ്കേതിക സ്ഥാപനങ്ങളെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് സംസ്ഥാന തല സാങ്കേതിക സമിതി അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണത്തിനുള്ള തുക അനുവദിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന് 3.72 കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് അംഗീകരിച്ചിട്ടുള്ളത്. കൂടാതെ അധിക നിർമ്മാണ പ്രവർത്തനങ്ങൾക്ക് തയ്യാറാക്കിയ 91 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | പദ്ധതി പ്രകാരമുള്ള നിർമ്മാണത്തിന് വിനിയോഗിക്കപ്പെടുന്ന സാങ്കേതിക വിദ്യ, നിർമ്മാണ രീതി, ഗുണമേന്മ തുടങ്ങിയവ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | കെയർഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി, ഗുണമേന്മ, നിർമ്മാണത്തിന് വിനിയോഗിക്കപ്പെടുന്ന സാങ്കേതിക വിദ്യ, നിർമ്മാണ രീതി തുടങ്ങിയവ വിശദമായ പരിശോധനയ്ക്ക് വിധേയമായിട്ടുണ്ട്. ഓരോ ജില്ലകളിലും ഇതിനായി സന്നദ്ധത അറിയിച്ചിട്ടുള്ള സർക്കാർ/ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർക്ക് നിർമ്മാണ പ്രവർത്തനങ്ങളുടെ സാങ്കേതിക പരിശോധനയുടെ ചുമതല നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനും, സഹകരണ ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറുമായി രൂപീകരിച്ചിട്ടുള്ള ജില്ലാതല സാങ്കേതിക സമിതി നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും സാങ്കേതിക പരിശോധന നടത്തുന്നുണ്ട്. കെട്ടിട നിർമ്മാണത്തിനാവശ്യമായ സാങ്കേതിക മേൽനോട്ടം നിർവ്വഹിക്കുന്നതിന് ഊരാലുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ചെയർമാൻ ശ്രീ. രമേഷൻ പാലേരി ചെയർമാനും കേപ്പ് ഡയറക്ടർ ശ്രീ. ശശികുമാർ കൺവീനറുമായി ഒരു സമിതിയും രൂപീകരിച്ചിട്ടുണ്ട്. കെയർ ഹോം |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ രണ്ടാം ഘട്ട നിർവ്വഹണവുമായി ബന്ധപ്പെട്ട് കെട്ടിട സമുച്ചയങ്ങളുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ പരിശോധിച്ച് സാങ്കേതിക അനുമതി നൽകുന്നതിന് സംസ്ഥാനതല സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ മികവ്, നിർവ്വഹണത്തിന്റെ ഗുണമേന്മ, നിർമ്മാണ പുരോഗതി എന്നിവ വിലയിരുത്തുന്നതിനായി ജില്ലാതല ടെക്നിക്കൽ സമിതിയും രൂപീകരിച്ചിട്ടുണ്ട്. 14 ജില്ലകളിലും പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് 14 സാങ്കേതിക സ്ഥാപനങ്ങളെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി സർക്കാർ അക്രെഡിറ്റഡ് ഏജൻസികളെയാണ് ചുമതലപ്പെടുത്തുന്നത്. തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ NON PMC രീതിയിൽ ഏറ്റെടുത്ത് നടത്തുന്നതിന് നിർമ്മിതി കേന്ദ്ര, തൃശ്ശൂരിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് |

സെക്ഷൻ ഓഫീസർ